LIBRARY ARCHIVES Kerala Legislative Assembly

ഇ-സാക്ഷരത പദ്ധതി

53 (2545) ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ-സാക്ഷരതാ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിവഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കുവാനുദ്ദേശിക്കുന്നതെന്നും ; പദ്ധതിക്ക് എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് ലഭിക്കുന്നതെന്നും എപ്പോൾ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്നും വ്യക്തമാക്കുമോ ;

(സി) പദ്ധതി നടത്തിപ്പിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. പി.എൻ. പണിക്കർ വിജ്ഞാൻ വികാസ് കേന്ദ്രയുടെ ആഭിമുഖ്യത്തിൽ കേരളത്തിലെ തെരഞ്ഞെടുത്ത 100 പഞ്ചായത്തുകളിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന സമ്പൂർണ ഇ-സാക്ഷരതാ പദ്ധതി 2014 ജനുവരി 4-ാം തീയതി ബഹുമാനപ്പെട്ട പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തിട്ടുണ്ട്.

(ബി) വിവരസാങ്കേതികവിദ്യയിൽ അറിവും പ്രാവീണ്യവും സാമാന്യജനങ്ങൾക്ക് ഇന്റർനെറ്റിലൂടെ സുപരിചിതമാക്കുക, കല, ശാസ്ത്രം, സാങ്കേതികവിദ്യ, വ്യവസായം, സ്വയംപ്രകാശനം, ആശയവിനിമയം, സാമൂഹ്യസേവനം എന്നീ മേഖലകളിൽ ഡിജിറ്റൽ മാധ്യമത്തിലൂടെ സർഗ്ഗാത്മക സംയോജനം സാധ്യമാക്കുക, ദുർബ്ബല വിഭാഗങ്ങൾക്ക് അറിവും ഗുണമേന്മയുള്ള വിദ്യാഭ്യാസവും പ്രാപ്തമാക്കുക, ഇ-ഗവേണൻസ് ജനപ്രിയമാക്കുന്നതിന് വിവരസാങ്കേതികവിദ്യയുടെ പങ്കാളിത്തവേദി ഒരുക്കുക, സാമ്പത്തിക ശാക്തീകരണത്തിനും സമയത്തിന്റെ പൂർണ്ണമായ സദുപയോഗത്തിനും സഹായകമായ ഇ-വാണിജ്യവും ഇ-സേവനവും സുപരിചിതമാക്കുക എന്നിവയാണ് പ്രധാനമായും ലക്ഷ്യമിടുന്നത്. പി.എൻ. പണിക്കർ വിജ്ഞാൻ വികാസ് കേന്ദ്രയുടെ നേതൃത്വത്തിൽ 795 ലക്ഷം രൂപ ചെലവിൽ നടപ്പിലാക്കുന്ന ഇ-സാക്ഷരതാ പദ്ധതിക്ക് 375 ലക്ഷം രൂപ കേന്ദ്ര സഹായം പ്രതീക്ഷിക്കുന്നു.

2015 സെപ്റ്റംബർ 30-ന് പ്രസ്തുത പദ്ധതി പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) സംസ്ഥാനത്തെ 14 ജില്ലകളിലും കളക്ടറുടെ അധ്യക്ഷതയിൽ മോണിട്ടറിംഗ് & ഇവാല്യൂവേഷൻ കമ്മിറ്റി അംഗങ്ങളുടെയും പദ്ധതി നടപ്പിലാക്കുന്ന പഞ്ചായത്ത് പ്രസിഡന്റുമാരുടെയും യോഗം ചേരുകയുണ്ടായി. വിവിധ ജില്ലകളിലെ 100 ഗ്രാമപഞ്ചായത്തുകൾക്കും ഒന്നാം ഗഡുവായ ഒരു ലക്ഷം രൂപ നൽകുകയുണ്ടായി. പ്രസ്തുത പദ്ധതി നടത്തിപ്പിനുള്ള കമ്പ്യൂട്ടർ ടാബ്‌ലെറ്റ്സ്, മൊബൈൽ ഫോൺ തുടങ്ങിയ എല്ലാ ഹാർഡ്‌വെയറുകളും പൊതുമേഖലാ സ്ഥാപനമായ കെൽട്രോൺ ലഭ്യമാക്കുന്നു. പരിശീലകർക്കുള്ള പരിശീലനം ഇന്റൽ ഇന്റർനാഷണൽ കോർപ്പറേഷനും പി.എൻ. പണിക്കർ ഫൗണ്ടേഷനും സംയുക്തമായും ഗുണഭോക്താക്കൾക്ക് 40 മണിക്കൂർ 80 മണിക്കൂർ വീതമുള്ള പരിശീലനം അക്ഷയ കേന്ദ്രങ്ങൾ മുഖേനയും നൽകിവരുന്നു.

കേരള സംസ്ഥാന സാക്ഷരതാ മിഷനിലെ ക്രമക്കേടുകൾ

54 (2546) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന സാക്ഷരതാ മിഷനിൽ നടന്നുവരുന്ന ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ നടപടി സ്വീകരിക്കാത്തതെന്തുകൊണ്ട് ;

(ബി) സംസ്ഥാനത്ത് ഹയർസെക്കന്ററി തുല്യതാകോഴ്സുകൾവരെ നടത്തുന്നതിന് ചുമതലപ്പെട്ട ഈ സ്ഥാപനത്തിന്റെ ഡയറക്ടർ തസ്തികയിൽ മതിയായ യോഗ്യതയില്ലാത്ത ഒരാളെ നിയമിച്ചത് എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ ;

(സി) ഹയർസെക്കണ്ടറി തുല്യതാകോഴ്സിന്റെ ചുമതലയുള്ള അസിസ്റ്റന്റ് ഡയറക്ടർക്ക് അദ്ധ്യാപക പ്രവൃത്തി പരിചയമുണ്ടോ ; അദ്ധ്യാപക യോഗ്യതാ നിർണ്ണയ പരീക്ഷകൾ പാസ്സായിട്ടുണ്ടോ ; ഇദ്ദേഹത്തെ നിയമിക്കാൻ സ്വീകരിച്ച മാനദണ്ഡമെന്തെല്ലാം ; വിശദമാക്കുമോ ;

(ഡി) സാക്ഷരതാ മിഷന്റെ ഭരണ നിർവ്വഹണത്തിനായി രൂപീകരിച്ചിട്ടുള്ള എക്സിക്യൂട്ടിവ് കമ്മിറ്റിയുടെകീഴിൽ എത്ര ഉപസമിതികളാണുള്ളത് ; ഇവ യോഗം

LIBRARY ARCHIVES Kerala Legislative Assembly